**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 47** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>പരപ്പനങ്ങാടി എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി സ്ഥാപന ഫണ്ട്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി .എം. എ. സമീർ ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്ന സ്ഥാപനത്തിന് സ്വന്തം ഭൂമിയും കെട്ടിടവും ലഭ്യമാക്കുന്നതിന് 130 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും ആയതിൽ മറ്റൊരു ഉത്തരവു പ്രകാരം ഒരു കോടി രൂപ റിലീസ് ചെയ്യുകയും ചെയ്തിരുന്നു. ഇതിൽ ബാക്കിയുള്ള 129 കോടി രൂപയുടെ അനുമതി ഇപ്പോഴും നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** 06-12-2013-ലെ സ.ഉ(സാധാ)നം. 2400/2013/ഉ.വി.വ ഉത്തരവ് പ്രകാരം പരപ്പനങ്ങാടി എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 130.149 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

എൽ.ബി.എസ്. ഇൻറഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി-ക്ക് ഇതിനോടകം ഒരു കോടി രൂപ പ്രാരംഭപ്രവർത്തനങ്ങൾക്കായി 2014 ൽ അനുവദിച്ചിട്ടുണ്ട്. കോവിഡും തുടർന്നുണ്ടായ സാമ്പത്തിക പരിമിതിയും കാരണം ഫണ്ട് അനുവദിക്കുന്നതിന് തടസ്സം നേരിട്ടിരുന്നു. തുടക്കത്തിൽ 130 കോടി രൂപ ചെലവ് പ്രതീക്ഷിച്ച പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ 186.62 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത് സാമാന്യം വലിയ ഒരു തുക ആയതിനാൽ ഇത് അനുവദിയ്ക്കാവുന്ന അവസ്ഥയിലല്ല സർക്കാരിന്റെ ധനസ്ഥിതി. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരപ്പനങ്ങാടി എൽ.ബി.എസ് ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്കും ആവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**(ബി)** പരപ്പനങ്ങാടി എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി പദ്ധതിയ്ക്ക് അനുവദിച്ച 130 കോടി രൂപ പൂർണമായും സ്ഥാപനത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** 06-12-2013-ലെ സ.ഉ(സാധാ)നം. 2400/2013/ഉ.വി.വ ഉത്തരവ് പ്രകാരം പരപ്പനങ്ങാടി എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 130.149 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

എൽ.ബി.എസ്. ഇൻറഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി-ക്ക് ഇതിനോടകം ഒരു കോടി രൂപ പ്രാരംഭപ്രവർത്തനങ്ങൾക്കായി 2014 ൽ അനുവദിച്ചിട്ടുണ്ട്. കോവിഡും തുടർന്നുണ്ടായ സാമ്പത്തിക പരിമിതിയും കാരണം ഫണ്ട് അനുവദിക്കുന്നതിന് തടസ്സം നേരിട്ടിരുന്നു. തുടക്കത്തിൽ 130 കോടി രൂപ ചെലവ് പ്രതീക്ഷിച്ച പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ 186.62 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത് സാമാന്യം വലിയ ഒരു തുക ആയതിനാൽ ഇത് അനുവദിയ്ക്കാവുന്ന അവസ്ഥയിലല്ല സർക്കാരിന്റെ ധനസ്ഥിതി. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരപ്പനങ്ങാടി എൽ.ബി.എസ് ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്കും ആവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**